## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4333** **12-11-2019-ൽ മറുപടിക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്തെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് ആദ്യമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി ആരംഭിച്ചത് എവിടെയാണ്; | (എ) | പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക, ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി. 2008 ൽ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിലെ നാല് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ (കുമരകം, കോവളം, വൈത്തിരി, തേക്കടി) ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരഭിച്ചു. 2011 ൽ പ്രവർത്തങ്ങൾ 3 സ്ഥലങ്ങളിലേക്ക് (ബേക്കൽ, അമ്പലവയൽ, കുമ്പളങ്ങി) കൂടി വ്യാപിപ്പിച്ചു. 2017 ൽ ഉത്തരവാദിത്ത ടൂറിസം സംസ്ഥാന വ്യാപകമാക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 2017-ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകൃതമാവുകയും 2017 ഒക്ടോബർ 20 ന ബഹു: കേരള മുഖ്യമന്ത്രി കുമരകത്ത് വച്ച് ഔപചാരിക ഉത്ഘാടനം നിർവഹിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യു. ഇപ്പോൾ ജില്ലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | കൽപ്പറ്റ മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിലവിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ജില്ലാ അടിസ്ഥാന-ത്തിലാണ് നടത്തി വരുന്നതെങ്കിലും മുൻപ് നിലവിലുണ്ടായിരുന്ന ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിലും പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരിയിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പൊതുവായ പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കൽ, എക്സ്-പീരിയൻസ് എത്തിക് ക്യുസിൻ പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. |

Sandhya

**സെക്ഷൻ ഓഫീസർ**